**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ സർവ്വീസ് പരിശീലനവും പരീക്ഷാ നടത്തിപ്പും മൂല്യ നിർണ്ണയവും - മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ.(കൈ) നമ്പർ. 132/2016/തസ്വഭവ, തിരുവനന്തപുരം, തീയതി, 23.09.2016.

---

പരാമർശം :-1. 30.7.2008 ലെ ജി.ഒ.(പി) നം. 216/08/തസ്വഭവ

2. ഗ്രാമവികസന കമ്മീഷണറുടെ 24.8.2015 തീയതിയിലെ 4052/ ജെ.ആർ.വൈ3/15/ സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് പ്രീസർവ്വീസ് ട്രെയിനിംഗ് നൽകുന്നത് കൊട്ടാരക്കര/മണ്ണുത്തി/തളിപ്പറമ്പ് എന്നീ മൂന്ന് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ മുഖേനയാണ്. ഓരോ ട്രെയിനിംഗ് സെന്ററിലും ട്രെയിനിംഗ് പൂർത്തീകരിച്ച് പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ സർവ്വീസ് ട്രെയിനിംഗ്, പരീക്ഷാ നടത്തിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതു സംബന്ധിച്ച് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ ശുപാർശ സമർപ്പിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ സർവ്വീസ് പരിശീലനവും പരീക്ഷാ നടത്തിപ്പും മൂല്യ നിർണ്ണയവും സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**I. പ്രീസർവ്വീസ് പരിശീലനത്തിന് നിയോഗിക്കൽ**

മൂന്നു എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളിലേയും ഒഴിവനുസരിച്ച് ബാച്ചുകൾ തീരുമാനിച്ച് പരിശീലന നടപടികൾ ആരംഭിക്കണം. ഒരു ബാച്ചിന് പരിശീലനം ആരംഭിച്ചാൽ പരമാവധി 15 ദിവസത്തിനുള്ളിൽ പരിശീലനാർത്ഥികളെ നിയോഗിക്കണം. നിയമന ഉത്തരവിൽ തന്നെ പരിശീലന തീയതിയും പരിശീലന കേന്ദ്രവും സൂചിപ്പിരിക്കണം. 15 ദിവസത്തിന് ശേഷം ജോയിൻ ചെയ്യുന്നവർക്ക് പുതിയ ബാച്ച് ആരംഭിക്കാവുന്നതും ഒരു ബാച്ച് ആരംഭിച്ച് മൂന്ന് മാസത്തിന് ശേഷം മാത്രം അടുത്ത ബാച്ച് ആരംഭിക്കേണ്ടതുമാണ്.

## II. പ്രീസർവ്വീസ് പരീക്ഷാ നടത്തിപ്പ്

പ്രീസർവ്വീസ് പരിശീലന പരീക്ഷയ്ക്കുള്ള മാതൃകാ ചോദ്യങ്ങളിൽ നിന്നും നിശ്ചിത പരീക്ഷയ്ക്കാവശ്യമായ ചോദ്യങ്ങൾ തെരഞ്ഞെടുത്ത് ചോദ്യ പേപ്പർ തയ്യാറാക്കുന്നതിന് ഒരു അക്കാദമിക് കമ്മിറ്റി രൂപീകരിക്കുകയും, ഈ കമ്മിറ്റിയിൽ 2 എസ്.ഐ.ആർ.ഡി. ഫാക്കൽറ്റി അംഗങ്ങൾ, കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, സഹകരണം, എൻജിനീയറിംഗ് എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഓരോ External Experts എന്നിവരെ ഉൾപ്പെടുത്തേണ്ടതുമാണ്.

## III. മൂല്യനിർണ്ണയം

പ്രീസർവ്വീസ് പരീക്ഷ കഴിഞ്ഞ് 10 ദിവസത്തിനുള്ളിൽ കേന്ദ്രീകൃത മൂല്യ നിർണ്ണയം നടത്തേണ്ടതാണ്. അതിനായി ഓരോ ഇ.റ്റി.സി.കളും മൂല്യ നിർണ്ണയത്തിനായി ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതും പരീക്ഷ കഴിഞ്ഞ് 3 ദിവസത്തിനുള്ളിൽ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയത്തിനായി ലഭ്യമാക്കേണ്ടതും കേന്ദ്രീകൃത മൂല്യനിർണ്ണയം 7 ദിവസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതും മൂല്യ നിർണ്ണയം കഴിഞ്ഞ് 7 ദിവസത്തിനുള്ളിൽ ഫലപ്രഖ്യാപനത്തിനായി മാർക്ക് ലിസ്റ്റ് എസ്.ഐ.ആർ.ഡി.യിൽ ലഭ്യമാക്കേണ്ടതും അതിനുശേഷം 7 ദിവസത്തിനുള്ളിൽ പരീക്ഷാ ബോർഡ് യോഗം ചേർന്നു ഫലപ്രഖ്യാപനം നടത്തേണ്ടതുമാണ്.

## IV. പുനർ മൂല്യനിർണ്ണയം/പുനഃപരിശോധന

ഫലപ്രഖ്യാപനം കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ പുനർ മൂല്യനിർണ്ണയം/ പുനഃപരിശോധനയ്ക്കുള്ള അപേക്ഷ ബന്ധപ്പെട്ട ഇ.റ്റി.സി. പ്രിൻസിപ്പൽമാർക്ക് ലഭിക്കേണ്ടതാണ്. പുനർ മൂല്യനിർണ്ണയം/ പുനഃപരിശോധനയ്ക്കുള്ള അപേക്ഷ ലഭിച്ച് 20 ദിവസത്തിനുള്ളിൽ പുനർ മൂല്യനിർണ്ണയം/പുനഃപരിശോധന നടത്തി എസ്.ഐ.ആർ.ഡി.യുടെ അംഗീകാരത്തോടെ, ഫലപ്രഖ്യാപനം നടത്തി മാർക്ക് ലിസ്റ്റ് നൽകേണ്ടതാണ്. പുനർ മൂല്യനിർണ്ണയത്തിന് ഒരു പേപ്പറിന് 100/- രൂപ നിരക്കിലും പുനഃപരിശോധന (scrutiny)യ്ക്ക് 50 രൂപ നിരക്കിലും ഫീസ് ഈടാക്കേണ്ടതാണ്.

## V. സപ്ലിമെന്ററി പരീക്ഷ

പരീക്ഷകളിൽ പരാജയപ്പെടുന്നവർക്ക് മൂന്നു മാസത്തിനുള്ളിൽ സപ്ലിമെന്ററി പരീക്ഷ എഴുതുന്നതിനുള്ള അവസരം നൽകേണ്ടതാണ്. മൂന്നു ഇ.റ്റി.സി.കളിൽ നിന്നുമുള്ള പരിശീലനാർത്ഥികൾക്കും പൊതുവായി സപ്ലിമെന്ററി പരീക്ഷ നടത്തേണ്ടതാണ്. പരാജയപ്പെട്ടവർക്ക്, പരാജയപ്പെട്ട (theory/practical) പേപ്പർ മാത്രം എഴുതുവാനുള്ള അവസരം നൽകേണ്ടതാണ്.

പരിശീലന കാലത്ത് പ്രസവാവധിയിൽ പ്രവേശിക്കുന്ന പരിശീലനാർത്ഥി ടി ലീവ് കഴിഞ്ഞതിനു ശേഷം ഏത് ഇ.റ്റി.സി.യിലാണോ ആദ്യം പരീക്ഷ നടക്കുന്നത്, ആ പരീക്ഷ എഴുതേണ്ടതും ടി പരീക്ഷ ടിയാളുടെ ആദ്യ അവസരമായി കണക്കാക്കേണ്ടതുമാണ്.

എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളിലെ ഗസ്റ്റ് ഫാക്കൽറ്റികൾക്കുള്ള ഓണറേറിയം ഒരു മണിക്കൂറിന് നിലവിലുള്ള തുകയായ 150 രൂപയിൽ നിന്നും 300/- രൂപയാക്കി വർദ്ധിപ്പിച്ചും പരീക്ഷാ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന Guest/External Examiners-ന് മണിക്കൂറിന് 200/- രൂപ നിരക്കിൽ ഓണറേറിയം അനുവദിച്ചും, ചോദ്യ പേപ്പർ മാതൃകകൾ തയ്യാറാക്കി നൽകുന്ന അധ്യാപകർക്കും/വിദഗ്ധർക്കും ഒരു പേപ്പറിന് ഇപ്പോൾ നൽകുന്ന 30/- രൂപയിൽ നിന്നും 90/- രൂപ എന്ന നിരക്കിൽ വർദ്ധിപ്പിച്ചും, പരീക്ഷാ പേപ്പർ മൂല്യ നിർണ്ണയത്തിനുള്ള പ്രതിഫലം നിലവിൽ പേപ്പർ ഒന്നിന് 2/- രൂപ എന്നത് 10/- രൂപ ആയി വർദ്ധിപ്പിച്ചും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
വിജയകുമാർ. റ്റി.പി.
**സ്പെഷ്യൽ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്
പ്രിൻസിപ്പൽമാർ, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ, കൊട്ടാരക്കര/മണ്ണുത്തി/തളിപ്പറമ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (U.O.Note No.Dev.1/365/2015/Fin. dated 19.2.2016.)
തദ്ദേശസ്വയംഭരണ (I.B) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക വകുപ്പ് ( ഗവ. വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ